➪ *1992 ൽ പടപ്പാറയിൽ ഒരു ക്രഷർ യൂണിറ്റ് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്* ➪

പാരിസ്ഥിതിക സന്തുലനത്തെ തകിടം മറിക്കുന്ന, ജനജീവിതത്തെ ദുസ്സഹമാക്കുന്ന പാറക്വാറികൾക്കെതിരെ നടക്കുന്ന ജനകീയ സമരങ്ങളെക്കുറിച്ചുള്ള കേരളീയം പംക്തി തുടരുന്നു. 2013 ജനുവരി ലക്കത്തിൽ ഈ പംക്തിയിൽ അവതരിപ്പിച്ച പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂരിലെ ക്വാറി സമരത്തെക്കുറിച്ച് വീണ്ടും ചില വിവരങ്ങൾ...

# ക്വാറിരാഷ്ട്രീയത്തിനുള്ള ജനകീയ മറുപടികൾ

ക്വാറി മാഫിയയും അധികാര രാഷ്ട്രീയവും ചേർന്ന് കലഞ്ഞൂരിൽ നിർമ്മിച്ച പണക്കൂട്ടുകെട്ട് ജനവിരുദ്ധത തുടരുമ്പോഴും തോൽവി മരണ തുല്യമായതിനാൽ പുതിയ ആയുധങ്ങളുമായി കൂടുതൽ സജ്ജമാവുകയാണ് ക്വാറിവിരുദ്ധ സമരം.

**സന്തോഷ് കുമാർ,**
**കെ.എം. തോമസ്**

**പത്തനംതിട്ട** ജില്ലയിലെ കൂടൽ, കലഞ്ഞൂർ വില്ലേജുകൾ ചേർന്നതും കൊല്ലം ജില്ലയുമായി അതിർത്തി പങ്കിടുന്നതുമായ സ്ഥലമാണ് കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത്. പഞ്ചായത്തിന്റെ കിഴക്കൻ മേഖല പശ്ചിമഘട്ട മലനിരകളോട് ചേർന്നുകിടക്കുന്നു. കാൽ നൂറ്റാണ്ട് മുമ്പ് തന്നെ പരമ്പരാഗത രീതിയിലുള്ള പാറ ഖനനം ആ പ്രദേശത്ത് നടക്കുന്നുണ്ട്. 1992 ൽ പടപ്പാറയിൽ ഒരു ക്രഷർ യൂണിറ്റ് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ ഗുരു നിത്യചൈതന്യയതിയുടെ നേതൃത്വത്തിൽ ജനങ്ങൾ സമരം ചെയ്തെങ്കിലും അന്നത് പരാജയപ്പെട്ടു. ഏതാനും ക്രഷർ യൂണിറ്റുകൾ ഉൾപ്പെടെ എൺപതോളം പാറമടകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പലകാലങ്ങളിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് പ്രകൃതിയുടെ നെഞ്ചിൻകൂട് വലിച്ചു പറിച്ചെടുക്കുന്ന മൂന്ന് വമ്പൻ യൂണിറ്റുകളാണ് നാടിനെ മുഖ്യമായും മുടിച്ചുകൊണ്ടിരിക്കുന്നത്. പഴയ ക്വാറികൾ മിക്കതും പൂട്ടിപ്പോയി. ഉടമകൾ ഉപേക്ഷിച്ചു എന്നും പറയാം. പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനുള്ള സമ്പത്തും അധികാരവും അവർക്ക് ഇല്ല എന്നതായിരുന്നു കാരണം. എന്നാൽ ഇപ്പോഴും തുടരുന്ന ഈ മൂന്ന് പാറമടകൾക്ക് അതൊന്നും ഒരു പ്രശ്നമല്ല.

വജ്രം മണൽപ്ലാന്റ്, ദർശൻ, പിരമിഡ് എന്നീ ക്രഷർ യൂണിറ്റുകളുമാണ് ആ മൂന്ന് വമ്പൻ സ്രാവുകൾ. മാവിനാൽ പാറയിൽ നിന്നാണ് ക്രഷർ യൂണിറ്റുകൾക്ക് വേണ്ടിയുള്ള ഖനനം മുഖ്യമായും നടക്കുന്നത്. ഖനനം മാത്രം നടക്കുന്ന മറ്റ് പാറകളുമുണ്ട്. ഏറ്റവും ഉയർന്ന പടപ്പാറ മലയുടെ നെറുകയിൽ നിന്നു നോക്കിയാൽ അവയെല്ലാം കാണാം. താഴ്വാരത്തിനപ്പുറം പല മലകളുടെയും നേർപകുതി മുറിച്ചു മാറ്റപ്പെട്ടതായും അവിടെ നിന്നും കാണാം. പാറക്കൂട്ടങ്ങളിൽ മിക്കതിലും സസ്യ-വൃക്ഷാദികളുടെ വേരുകൾ പിടിച്ചുനിൽക്കുന്ന മണ്ണിന്റെ ഒരടരുണ്ട്. പാറക്കുമുകളിലുള്ള ഈ മണ്ണുശേഖരത്തെ ക്വാറി ഉടമകളുടെ പക്കലുള്ള യന്ത്രത്തിന്റെ കൂറ്റൻ കൈകൾ അടർത്തിയെടുത്തു വൻ ടിപ്പറുകളിലാക്കി നഗരാതിർത്തികളിലെ നെൽപ്പാടങ്ങൾ മൂടുന്നതിനായി കൊണ്ടുപോകാറുണ്ട്. ഭൂമിയെ പ്രകമ്പനം കൊള്ളിക്കുന്ന ഇലക്ട്രിക് ബ്ലാസ്റ്റിങ്ങിലൂടെ മണ്ണുകൾക്കിടയിലുള്ള പാറ കുറഞ്ഞത് അര ഏക്കർ വലുപ്പത്തിൽ

⇨ കോടിക്കണക്കിന് രൂപയുടെ ഒരു വലിയ മെറ്റൽ പർവ്വതമാണത് ⇨



ഇവിടെ പൊട്ടിച്ചുമാറ്റുന്നുണ്ട്. നിലത്തിരിക്കുമ്പോൾ, ഈ ബ്ലാസ്റ്റിങ്ങ് വൈദ്യുത തരംഗം പോലെ മുട്ടിലൂടെ പായാറുണ്ടെന്ന് റബ്ബർത്തോടങ്ങളിലെ തൊഴിലാളി സ്ത്രീകൾ സാക്ഷ്യപ്പെടുത്തുന്നു.

**കലഞ്ഞൂർ മലകളുടെ സ്ഥിതി**

ദർശന്റെ ക്രഷർ യൂണിറ്റിന്റെ താഴ്‌വാരത്തു കൂടി നടക്കുമ്പോൾ മെറ്റൽ ഉത്പ്പന്നം കൂട്ടിയിട്ടിരിക്കുന്ന രണ്ടു ചരൽക്കുന്നുകൾ കാണാം. മണിക്കൂറുകൾ എടുത്തേ അതിന്റെ ഒരു വശം നടന്നു തീർക്കാൻ പറ്റു. കോടിക്കണക്കിന് രൂപയുടെ ഒരു വലിയ മെറ്റൽ പർവ്വതമാണത്. ക്രഷർ യൂണിറ്റ് അടച്ചുപൂട്ടേണ്ടിവന്നാലും ഈ മെറ്റൽ പർവ്വതം വിറ്റ് ലാഭമുണ്ടാക്കാനാണ് ഇത്രയധികം പാറ അവർ മുൻകൂറായി പൊട്ടിക്കുന്നത്. മാവനാൽ യൂണിറ്റുകളുടെ കീഴിൽ വരുന്ന വജ്രാ പ്ലാന്റ് കൃത്രിമ മണൽ നിർമ്മിക്കുന്ന മണൽ പ്ലാന്റാണ്. ആറ്റുമണലിന്റെ കൃത്യമായ വലുപ്പത്തിൽ മണൽ ഉദ്പാദിപ്പിക്കുന്ന ഈ പ്ലാന്റിന് വെള്ളം വലിയതോതിൽ ആവശ്യമാണ്. ഒരു ടാർവീപ്പയുടെ വ്യാസ വലുപ്പത്തിൽ കുഴിച്ചിട്ടുള്ള മൂന്ന് കുഴൽകിണറുകൾ വഴിയാണ് ഇവർ ജലം ഊറ്റിയെടുക്കുന്നത് എന്നാണറിയുന്നത്.

പ്ലാന്റ് സൈറ്റിലേക്ക് ആരെയും കടത്തിവിടില്ല. വിട്ടാലും കുഴൽകിണർ മറയ്ക്കപ്പെട്ടിരിക്കുന്നതിനാൽ (concealed) ആർക്കും തന്നെ അത് കാണാൻ കഴിയില്ല. ചുറ്റുമുള്ള നൂറോളം കിണറുകളിലെ വെള്ളം വറ്റുന്നു എന്നതാണ് കുഴൽക്കിണറുകൾ ഉണ്ടെന്നതിന് തെളിവ്. ചില വീട്ടുകാർ 200-250 അടി ആഴത്തിൽ കുഴിച്ചിട്ടുള്ള കുഴൽകിണറുകളിലെ വെള്ളവും വറ്റി. വജ്രാ മണൽപ്ലാന്റിലെ 2000 അടിക്ക് മേൽ താഴ്ചയുള്ള കുഴൽകിണറുകൾ ചുറ്റുപാടുമുള്ള ഭൂഗർഭജലം മുഴുവൻ ഊറ്റിയെടുക്കുന്നു. ആകെയുള്ള ഭൂഗർഭജലത്തിന്റെ 60% വും 800 മീറ്റർ അടിയിലാണെന്നാണ് ജിയോളജിക്കൽ പഠനങ്ങൾ പറയുന്നത്. അത് ശരിയാണെങ്കിൽ പ്ലാന്റിലെ കിണറുകൾ അതിലും താഴെ നിന്നു ള്ള ജലശേഖരമാണ് വലിച്ചെടുക്കുന്നത്.

**പഞ്ചായത്തിന്റെ വാദം**

ക്വാറി ഉല്പന്നങ്ങൾ വികസന നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനിവാര്യമായതുകൊണ്ടും സർക്കാർ വകുപ്പുകൾ അനുമതി നല്കിയിട്ടുള്ളതുകൊണ്ടും ലൈസൻസ് കൊടുത്തിട്ടുള്ള ക്വാറികൾക്ക് സ്റ്റോപ്പ് മെമ്മോകൊടുക്കാൻ കഴിയില്ല എന്നാണ് പഞ്ചായത്ത് ജനപ്രതിനിധികളുടെയും രാഷ്ട്രിയ നേതാക്കന്മാരുടെയും വാദം. മാത്രമല്ല വെറുതെ കോടതി കയറി സമയം പാഴാക്കേണ്ടി വരുമെന്നും ഇവർ ജനങ്ങളോട് പറയുന്നു.

**സമരസമിതിയുടെ മറുപടി**

1. സംസ്ഥാന മണ്ണ് ജലം സംരക്ഷണ വകുപ്പിന്റെ 2001 ലെ നിയമപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള സൂക്ഷ്മ നീർത്തട മേഖലയിലാണ് ഈ മണൽ പ്ലാന്റും ക്രഷർ യൂണിറ്റുകളും നിലകൊള്ളുന്നത്. അത്തരം മേഖലകളിൽ പരിസ്ഥിതി ആഘാത പഠനം നിർബന്ധമായി നടത്തേണ്ടതാണ് എന്ന് 27 ഫെബ്രുവരി 2012 ലെ ദീപക് കുമാർ Vs ഹരിയാന കേസിന്റെ സുപ്രീംകോടതി വിധിയിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

2. പട്ടയ വ്യവസ്ഥകളുടെ ലംഘനം: 1972 വരെ കൃഷി ചെയ്യുന്നതിനു വേണ്ടി പതിച്ചു കൊടുത്ത പട്ടയഭൂമികളിൽ കാർഷികേതര പ്രവർത്തനങ്ങൾ ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥയുണ്ട്. കെ.ആർ.രാമൻ Vs കേരളാസ്റ്റേറ്റ് മലിനീകരണ നിയന്ത്രണ ബോർഡ് കേസിലെ ജസ്റ്റീസ് സിരിജഗൻ വിധി wp(c)9605/2008Aug13, 2009 പട്ടയവ്യവസ്ഥയിൽ കൃഷിക്കായി എന്ന് പ്രത്യേകം പറഞ്ഞിട്ടുള്ള ഭൂമിയിൽ കാർഷികേതര പ്രവർത്തനങ്ങൾ പാടില്ല എന്ന് പറയുന്നു. എന്നാൽ ഇത് ലംഘിച്ചാണ് പഞ്ചായത്തിലെ പടപ്പാറ (വാർഡ് 5), പോത്തുപാറ (6), നാലാം ബ്ലോക്ക് (6) എന്നിവിടങ്ങളിൽ ക്രഷർ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. ഈ വ്യവസ്ഥകൾ ലംഘിക്കാതെ സ്ഫോടനാനുമതി (എക്സ്പ്ലോസീവ് ലൈസൻസ്) നൽകാൻ കഴിയില്ല. അതുപോലെ മലിനീക

രണ നിയന്ത്രണബോർഡിനും ലൈസൻസി ന് അനുമതി കൊടുക്കാൻ കഴിയില്ല. കാരണം അത് കാർഷിക വൃത്തിക്ക് പരുക്ക് ഏൽപ്പിക്കും. സ്ഫോടനാനുമതിയില്ലെങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനും അനുമതി കൊടുക്കാൻ വകുപ്പില്ല. പക്ഷെ ഇതെല്ലാം ഈ ക്രഷർ യൂണിറ്റുകൾ അനധികൃതമായി നേടിയെടുത്തിട്ടുണ്ട്. (ഇത് സംബന്ധിച്ച പരാതി റവന്യൂ മന്ത്രിയ്ക്ക് നൽകിയിട്ടും നടപടിയുണ്ടാകാത്തതിൽ പ്രതിഷേധിച്ച് 2013 മാർച്ച് 20 ന് അടൂർ പ്രകാശിന്റെ ഔദ്യോഗിക വസതിക്ക് മുമ്പിൽ സമരസമിതി ധർണ നടത്തിയിരുന്നു.)

3. ഏതുതരം ഖനനവും വനാതിർത്തിയിൽ നിന്ന് 500 മീറ്റർ അകലത്തിൽ മാത്രമേ നടത്താവൂ എന്ന് നിബന്ധനയുണ്ടെങ്കിലും ഇവിടെ വനത്തിലെ വൃക്ഷത്തലപ്പ് പാറമടയിലെ വെടിപ്പുരമേൽക്കൂരയുടെ മേൽ ഏതാണ്ട് തൊട്ടുതൊട്ടാണ് നിൽക്കുന്നത്. അങ്ങനെയെങ്കിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും പാരിസ്ഥിതിക ആഘാതപഠനവും നിർബന്ധമാണ്.

4. കലഞ്ഞൂർ പഞ്ചായത്തിലെ 4,5,9 എന്നീ വാർഡുകളിലെ ഗ്രാമസഭകൾ മണൽ പ്ലാന്റും ക്രഷറുകളും വേണ്ടെന്ന് പാസാക്കിയിട്ടുള്ളതാണ്. ഏത് സംരംഭം തുടങ്ങുന്നത് സംബന്ധിച്ചും ഗ്രാമസഭയുടെ പ്രമേയം പരിഗണിക്കണം എന്ന് വേദാന്ത കമ്പനിക്ക് ഖനനത്തിന് ഭൂമി നൽകുന്നതിനെ എതിർത്ത് ഒറീസ സർക്കാറിനെ പ്രതിചേർത്ത് ജനങ്ങൾ നൽകിയ കേസിൽ സുപ്രീംകോടതി വിധി പ്രഖ്യാപിച്ചിട്ടുണ്ട്.

5. ലോകത്തെ പ്രധാന 35 ജൈവസമ്പന്ന മേഖലകളിൽ ഒന്നാണ് പശ്ചിമഘട്ടം. മാത്രമല്ല ഇത് ലോകത്തിലെ തന്നെ 8 അതീവ ജൈവസമ്പന്ന മേഖലകളിൽ ഒന്ന് കൂടിയാണെന്ന് ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട് പറയുന്നുണ്ട്. അതും ഈ പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രാധാന്യത്തെയാണ് കാണിക്കുന്നത്.

6. ലോകപൈതൃക കമ്മറ്റി ലോക പൈതൃ പദവി നൽകി അംഗീകരിച്ചിട്ടുള്ളതാണ് പശ്ചിമഘട്ട നിരകൾ. ആ പദവി നിലനിൽക്കണമെങ്കിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അതിന്റെ പരിപാലനത്തിന്റെ മോണിറ്ററിംഗ് നടത്തിക്കൊണ്ടിരിക്കണം. യുനെസ്കോയുടെ കീഴിൽ വരുന്നതാണ് ലോകപൈതൃക കമ്മറ്റി. അത്തരം പദവിയുള്ള പ്രദേശങ്ങളുടെ പരിപാലനത്തിന് ലോകപൈതൃക കമ്മറ്റിയുടെ ധനസഹായവും ഉണ്ട്. യാതൊരു തത്വദീക്ഷയുമില്ലാതെ പശ്ചിമഘട്ട മലനിരകളിൽ നടക്കുന്ന വിവിധ ഖനനസംരംഭങ്ങൾ ആ പദവിയും ധനസഹായവും നഷ്ടപ്പെടുന്നതിന് ഇടയാക്കും എന്ന് കണ്ടതുകൊണ്ടാണ് ജയറാം രമേശ് വനം പരിസ്ഥിതി മന്ത്രിയായിരിക്കുമ്പോൾ ഗാഡ്ഗിൽ കമ്മറ്റിയെ വിശദമായ പഠനത്തിന് വിധേയമാക്കിയത്.

**ആരോഗ്യപ്രശ്നങ്ങൾ**

പ്രധാനപ്പെട്ട അഞ്ചുമലകളിലും കരിങ്കൽ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയതോടെ താഴ്‌വരയിലെ ജനങ്ങൾക്ക് ശ്വാസകോശരോഗങ്ങൾ പതിവായി. ക്രഷറിനു താഴ്‌വരയിൽ നിരവധിആളുകൾക്ക് ക്യാൻസർ പിടിപെട്ടിണ്ട്. ആസ്മ, തുമ്മൽ, വിട്ടുമാറാത്ത പനി എന്നിവ ജനങ്ങളെ നിരന്തരം അലട്ടിക്കൊണ്ടിരിക്കുന്നു.

**അപകടമരണങ്ങൾ**

ടിപ്പർ ലോറി കയറി 9 പേരും പാറമടയിലെ കുളത്തില് വീണ് 3 പേരും വെടിമരുന്ന് ശേഖരത്തിന് തീ പിടുച്ച് ഒരാളും മരണപ്പെട്ടിട്ടുണ്ട്. ടിപ്പർ ലോറികളുടെ നിരന്തര സഞ്ചാരം കാരണം പ്രദേശവാസികൾക്ക് കുട്ടികളെ സ്കൂളിലയയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി.

**ആവാസവ്യവസ്ഥയുടെ നാശം**

കോന്നി ഡിവിഷണൽ ഫോറസ്റ്റിന്റെ പരിധിയിൽ വരുന്ന വനാതിർത്തിയിലാണ് ക്രഷർ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. ഇതു കാരണം വന്യമൃഗങ്ങൾ നാട്ടിലിറങ്ങി വ്യാപകമായ നാശനഷ്ടങ്ങളുണ്ടാക്കുന്നു. നിരന്തരമായ ശബ്ദശല്യം, ക്രഷറിൽ നിന്നും പറന്നു വ്യാപിക്കുന്ന പാറപ്പൊടി, രാത്രികാലങ്ങളിൽ വനത്തിൽ കൂടിയുള്ള ടിപ്പർ ലോറികളുടെ ഓട്ടം എല്ലാം വനനിയമങ്ങളുടെ ലംഘനമാണ്.

**ജൈവവൈവിധ്യ ബോർഡ് ശുപാർശ**

പാറപൊടിച്ച് മണലാക്കാൻ പ്രതിദിനം രണ്ടരലക്ഷം ലിറ്റർ വെള്ളം വേണ്ടിവരുന്ന ഒരു യൂണിറ്റ് കല്ലടയാറിലേക്കുള്ള ഒരു പ്രധാന പോഷകത്തോടിന്റെ ഉത്ഭവസ്ഥാനത്ത് പണിതിട്ടുണ്ട്. തോട്ടിൽ നിന്നും വെള്ളമെടുത്ത് മണൽ കഴുകൽ തുടങ്ങിയതോടെ തോട് വറ്റിവരണ്ടു. അത് തടയണമെന്നും 257 ഏക്കറിലധികം ഉപരിതല വിസ്തൃതിയുള്ള കള്ളിപ്പാറമലയെ സംരക്ഷിക്കണമെന്നും സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ശുപാർശ ചെയ്തിരിക്കുന്നു.

**ജലസ്രോതസ്സുകളെ നാശം**

പത്തനാപുരത്തുകൂടി പോകുന്നതും കടല്ലയാറ്റിൽ പതിക്കുന്നതുമായ ഒരു സുപ്രധാന




തോടിന്റെ ഉത്ഭവസ്ഥാനം ഈ കള്ളിപ്പാറമലയാണ്. മണൽ കഴുകുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങളും പൊടിയും ശേഖരിച്ച് മഴക്കാലത്ത് ഈ തോടിന്റെ ഉത്ഭവ സ്ഥാനത്ത് തള്ളുന്നതുകൊണ്ട് ജലം മലിനീകരിക്കപ്പെടുകയും അതിന്റെ സ്രോതസ്സ് അടയുകയും ചെയ്യുന്നു.

**ആളുകൾ ഒഴിഞ്ഞുപോകുന്നു**

ഇതിനകം തന്നെ കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് പാറമടകൾ സമീപത്ത് താമസിച്ചിരുന്ന ഏതാണ്ട് ആയിരത്തോളം കുടുംബങ്ങൾ പാറമടയുടെ ശല്യം സഹിക്കാതെ കിട്ടിയ വിലയ്ക്ക് വീടും ഭൂമിയും വിറ്റൊഴിഞ്ഞ് പോയി. പലരേയും പാറമട മുതലാളിമാർ നിർബന്ധമായി ഒഴിപ്പിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പലരും ശബ്ദശല്യവും പൊടിശല്യവും കാരണം ഈ പ്രദേശം വിറ്റൊഴിഞ്ഞ് പോകാൻ നിർബന്ധിക്കപ്പെടുകയാണ്.

**കൃഷിഭൂമി തരിശ്ശാകുന്നു**

പാറമടകളുടെ താഴ്‌വാരങ്ങളിൽ താമസിക്കുന്നവരുടെ ഭൂമിയിലേക്ക് മഴക്കാലങ്ങളിൽ ചെളിയും മെറ്റലും എക്കലും കുത്തിയൊലിച്ച് വന്നടിഞ്ഞ് ഈ പ്രദേശത്തെ ഏക്കറ് കണക്കിന് ഭൂമി കൃഷിയോഗ്യമല്ലാതെ മാറുന്നു. ഫലത്തിൽ ഇവരും വസ്തു വിറ്റ് നാട് വിടാനുള്ള തയ്യാറെടുപ്പിലാണ്. പാറമട ഉടമകൾ നിസ്സാര വിലയ്ക്ക് ഇത്തരം ഭൂമികൾ കൈക്കലാക്കാനുള്ള ശ്രമത്തിലുമാണ്.

**ഖനനാനുമതിയുടെ ലംഘനം**

പാറഖനനത്തിനായി അനുവദിച്ചിരിക്കുന്ന നിശ്ചിത ഭൂവിസ്തൃതി മിക്കവാറും എല്ലാ പാറമടകളും ലംഘിച്ചിട്ടുണ്ട്.

**സ്ഫോടക വസ്തുശേഖരം**

പല വിശ്വസ്ത കേന്ദ്രങ്ങളിൽ നിന്നും ഞങ്ങൾക്ക് കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പാറമടകൾ അവർക്ക് അനുവദിച്ചിരിക്കുന്നതിലും കൂടുതൽ അളവിൽ സ്ഫോടക വസ്തുക്കൾ കൈവശം വച്ച് ഉപയോഗിക്കുന്നു എന്ന് വ്യക്തമായിട്ടുണ്ട്.

**സ്ഫോടകവസ്തു സംരക്ഷണം**

സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്നതിന് നിശ്ചിത മാഗസിൻ (വെടിപ്പുര) ആവശ്യമുണ്ട്. പക്ഷെ നിബന്ധനകൾ പാലിച്ചുള്ള മാഗസിനുകളോ മതിയായ മുൻകരുതലുകളോ ഇല്ലാതെയാണ് ഈ പാറമടകൾ പ്രവർത്തിക്കുന്നത്. ഒരിക്കൽ വെടിപ്പുര കത്തി ഒരാൾ മരിച്ചതാണ്.

**വായു മലിനീകരണം**

പാറമടകളിലെ സ്ഫോടനം റോഡില്കൂടി വലിയ ഭാരവണ്ടികളുടെ അനിയന്ത്രിതമായ സഞ്ചാരം ഇവയിൽ നിന്നെല്ലാമുള്ള പൊടിപടലങ്ങൾ വലിയ തോതിലാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ പ്രദേശത്തെ വായുവിലുള്ള പൊടിപടലങ്ങളുടെ അളവ് മനുഷ്യന്റെ ആരോഗ്യപരമായ ശ്വാസോച്ഛ്വാസത്തിന് പറ്റുന്ന അളവിലാണോ എന്ന് അധികൃതർ പരിശോധിക്കണം.

**മലകൾ ഇല്ലാതാകുന്നു**

കരിങ്കല്ലിന്റെ പേരിൽ പശ്ചിമഘട്ട മലനിരകളിൽപ്പെട്ട ഈ പ്രദേശത്തെ പല മലകളും ഏതാണ്ട് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. പല പാറമടക്കാരും തന്ത്രപൂർവ്വം ജനങ്ങൾക്ക് കാണാൻ കഴിയുന്ന ഭാഗത്തെ ഖനനം നിർത്തിവച്ച് പാറയുടെ മറുപുറമാണ് ഇപ്പോൾ പൊട്ടിച്ചെടുക്കുന്നത്. അതുകൊണ്ട് തന്നെ ഖനനത്തിന്റെ വ്യാപ്തി പ്രത്യക്ഷത്തിൽ അനുഭവപ്പെടുകയില്ല.

**കാലാവസ്ഥാ വ്യതിയാനം**

മഴയുടെ അളവ് ക്രമാതീതമായി കുറഞ്ഞു. ഭൂഗർഭ ജലനിരപ്പ് താഴ്ന്നുകൊണ്ടിരിക്കുന്നു. അന്തരീക്ഷ ഊഷ്മാവ് ദിവസം തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

**ക്വാറി രാഷ്ട്രീയം**

ക്വാറികൾക്ക് ലൈസൻസ് കൊടുക്കേണ്ടത് തദ്ദേശ ഭരണസ്ഥാപനമാണ്. ആദ്യം പ്രാരംഭാനുമതി തദ്ദേശസ്ഥാപനങ്ങൾ നൽകണം. തുടർന്ന് ജിയോളജി & മൈനിംഗ്, എക്സപ്ലോസീവ്, ആരോഗ്യം, തൊഴിൽ, ജലവകുപ്പ് തുടങ്ങി എട്ട് വകുപ്പുകളുടെ അനുമതി വേണം. ഉദ്യോഗസ്ഥന്മാരെ സ്വാധീനിച്ച് അതൊല്ലാം സംഘടിപ്പിക്കുകയാണ് പതിവ്. ഇതൊക്കെ സംഘടിപ്പിച്ചു കൊടുക്കാൻ രാഷ്ട്രീയക്കാരുടെ ഏജൻസികൾ ഇന്ന് സജീവമാണ്. പഞ്ചായത്ത് മറ്റുള്ളവരുടെ അനുമതിയുടെ ബലത്തിൽ ഒടുവിൽ ലൈസൻസ്